# കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്

തിരുവിതാംകൂർ ദേവസ്വം ബോർഡ് ബിൽഡിംഗ്
എം.ജി.റോഡ്, ആയുർവേദ കോളേജ് ജംഗ്ഷൻ
തിരുവനന്തപുരം –695001
e.mail:kdrbtvm@gmail.com
web:www.kdrb.kerala.gov.in, Ph:0471-2339377

## വിജ്ഞാപനം

303/R1/2025/KDRB

തിരുവനന്തപുരം
31.12.2025

വിജ്ഞാപന തീയതി
31.12.2025

അവസാന തീയതി
29.01.2026

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ **നാദസ്വരം കം വാച്ചർ** തസ്തികയിൽ നിലവിലുള്ള 15 ഒഴിവുകളിലേയ്ക്ക് നിയമിക്കപ്പെടുന്നതിന് നിശ്ചിതയോഗ്യതയുള്ള ഹിന്ദു മതത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിയ്ക്കുന്നു.

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.kdrb.kerala.gov.inലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ. ഇതിനോടകം രജിസ്ട്രേഷൻ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ വഴി അപേക്ഷിക്കാവുന്നതാണ്.

| | | |
|---|---|---|
| 1 | കാറ്റഗറി നമ്പരും വർഷവും | 076/2025 |
| 2 | തസ്തികയുടെ പേര് | **നാദസ്വരം കം വാച്ചർ** |
| 3 | ദേവസ്വം ബോർഡിന്റെ പേര് | **തിരുവിതാംകൂർ ദേവസ്വം ബോർഡ്** |
| 4 | ശമ്പള സ്കെയിൽ | **രൂപ 23,000 – 50,200** |
| 5 | യോഗ്യതകൾ | **വിദ്യാഭ്യാസ യോഗ്യത :**<br>1.നാദസ്വരം വിഷയത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രകലാപീഠത്തിൽ നിന്നോ ബോർഡ് അംഗീകരിച്ച സ്ഥാപനങ്ങളിൽ നിന്നോ ഉള്ള സർട്ടിഫിക്കറ്റ്. |

| | | |
|---|---|---|
| 6 | ഒഴിവുകളുടെ എണ്ണം | **നിലവിലുള്ള ഒഴിവ് : 15**<br>**ഈ തസ്തികയിലെ മേൽ പരാമർശിച്ചിരിക്കുന്ന ഒഴിവുകളിൽ ഏഴെണ്ണം (7) ക്ഷേത്രകലാപീഠത്തിൽ നിന്നും സർട്ടിഫിക്കറ്റ് നേടിയ ഉദ്യോഗാർത്ഥികളുടെ വിഭാഗത്തിൽ (ലിസ്റ്റ് 1 ) നിന്നും എട്ടെണ്ണം(8) മറ്റ് സ്ഥാപനങ്ങളിൽ നിന്നും സർട്ടിഫിക്കറ്റ് നേടിയ ഉദ്യോഗാർത്ഥികളുടെ വിഭാഗത്തിൽ (ലിസ്റ്റ്2) നിന്നും നികത്തുന്നതിനായി നിലവിലുള്ളതാണ്. ഈ തസ്തികയിലേയ്ക്ക് ഇനി റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒഴിവുകളുടെ 80 % ക്ഷേത്രകലാപീഠത്തിൽ നിന്നും യോഗ്യത നേടിയിട്ടുള്ളവർക്കായും (ലിസ്റ്റ് 1 ) 20% മറ്റ് ഉദ്യോഗാർത്ഥികൾക്കായും (ലിസ്റ്റ് 2) നൽകി നികത്തുന്നതാണ്. കേരള ദേവസ്വം റിക്രൂട്ട്മെന്റ്ബോർഡ് റൂൾസ് ,2015 ലെ സംവരണ വ്യവസ്ഥകൾ പാലിച്ചായിരിക്കും രണ്ട് റാങ്ക് പട്ടികകളിലും (ലിസ്റ്റ് 1 & ലിസ്റ്റ് 2) നിന്നും നിയമനശിപാർശകൾ നൽകുന്നത്.**<br>ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകൾ (ലിസ്റ്റ് –1 & ലിസ്റ്റ് –2) ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപനപ്രകാരം തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റുകൾക്ക് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും ലിസ്റ്റുകൾ പ്രാബല്യത്തിലിരിക്കുമ്പോൾ എഴുതി അറിയിക്കപ്പെടുന്ന കൂടുതൽ ഒഴിവുകളിലേക്കും ഈ റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമനം നടത്തുന്നത്. |
| 7 | നിയമനരീതി | നേരിട്ടുള്ള നിയമനം |
| 8 | പ്രായ പരിധി | 18 – 36<br>ഉദ്യോഗാർത്ഥികൾ 01–01–2007 നും 02–01–1989 നും ഇടയിൽ ജനിച്ചവരായിരിക്കണം<br>(രണ്ട് തീയതികളും ഉൾപ്പെടെ) . പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും മറ്റ് പിന്നാക്ക സമുദായങ്ങളിൽ പ്പെട്ടവർക്കും നിയമാനുസൃതമായ വയസ്സിളവ് ലഭിക്കുന്നതാണ്. (വയസ്സിളവിനെ സംബന്ധിച്ച വ്യവസ്ഥകൾക്ക് പൊതു വ്യവസ്ഥകളിലെ രണ്ടാം ഖണ്ഡിക നോക്കുക ) |
| 9 | പരീക്ഷാഫീസ് തുകയും അടയ്ക്കേണ്ട രീതിയും | രൂപ 300/–<br>എസ് സി: രൂപ 200/–<br>എസ് ടി: രൂപ 200/–<br>ഒബിസി: രൂപ 300/–<br>ജനറൽ – EWS: രൂപ 300/–<br>(കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ് പോർട്ടലിലെ പേമെന്റ് ഗേറ്റ് വേ വഴി ഓൺലൈനായി തുക അടയ്ക്കേണ്ടതാണ്) |
| 10 | മറ്റ് വിവരങ്ങൾ | 1.ജാതി /നോൺക്രീമിലേയർ സർട്ടിഫിക്കറ്റ് സംബന്ധിച്ച വിശദാംശങ്ങൾക്ക് കേരള ദേവസ്വം റിക്രൂട്ട്മെന്റ് റെഗുലേഷൻസ് പാർട്ട് II പൊതുവ്യവസ്ഥകൾ ഖണ്ഡിക 11.C , 11 D എന്നിവ നോക്കുക(ആയതു സംബന്ധിച്ച വിശദാംശങ്ങൾക്ക് www.kdrb.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക).<br><br>2.ഹിന്ദുമതത്തിലെ സംവരണേതര സമുദായങ്ങളിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവർക്കും (Economically Weaker Sections of Hindu Unreserved Communities) 10% സംവരണം നൽകുന്നതാണ്. 18.11.2019 ലെ G.O.(P) No.79/2019/RD പ്രകാരം ഇതിനർഹമായിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയത് അപേക്ഷയിൽ അവകാശപ്പെടുകയും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുമ്പോൾ തങ്ങൾ ഹിന്ദു മതത്തിലെ സംവരണേതര സമുദായത്തിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിൽപ്പെട്ടവരാണെന്ന് വില്ലേജ് ഓഫീസറിൽ നിന്നും 18.11.2019–ാം തീയതിയിലെ സർക്കാർ ഉത്തരവ് (പി) നമ്പർ 79/2019/റ:ദേ പ്രകാരമുള്ള EWSസർട്ടിഫിക്കറ്റ് ഹാജരാക്കുകയും വേണം. ഇപ്രകാരം ചെയ്യാത്തവർക്ക് പ്രസ്തുത ആനുകൂല്യം നൽകുന്നതല്ല. |

| | | |
|---|---|---|
| | | 3. 22/06/2025 തീയതിയിലെ റവ–ദേവ3/177/2022 ദേവസ്വം നമ്പർ സർക്കാർ കത്ത് പ്രകാരമുള്ള നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പി എസ് സി നിയമനപ്രക്രിയയിലെ അടിസ്ഥാന തത്വങ്ങളിൽ ഊന്നിക്കൊണ്ട് കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിയമനങ്ങളിൽ ഹിന്ദുസംവരണവിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം നൽകി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് റൂൾസ് , 2015 ലെ സംവരണ വ്യവസ്ഥകൾ ഭേദഗതി ചെയ്യുന്നതിനുള്ള ശിപാർശ സർക്കാരിന് സമർപ്പിച്ചിരിക്കുകയാണ്. ആയത് സർക്കാർ അംഗീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത ഭേദഗതി ചട്ടങ്ങൾ ഈ സെലക്ഷനും ബാധകമായിരിക്കും.<br><br>4.ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രായപരിധിയൊഴികെ മറ്റ് യോഗ്യതകളുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിലെ സ്ഥിരം ജീവനക്കാർക്ക് മുകളിൽ പറയുന്ന തസ്തികയിലേക്ക് അപേക്ഷിക്കുന്നതിന് അവരുടെ സേവനകാലയളവിന് തുല്യമായി പരമാവധി അഞ്ച് വർഷം വരെ ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്.ഇപ്രകാരം അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾ അവരുടെ സർവീസ് കാലയളവിനെ സംബന്ധിക്കുന്ന സർട്ടിഫിക്കറ്റ് ദേവസ്വം കമ്മീഷണറിൽ നിന്നും വാങ്ങി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ താത്കാലിക അടിസ്ഥാനത്തിൽ ജോലിചെയ്യുന്നവർക്ക് ഈ അനുകൂല്യം അനുവദിക്കുന്നതല്ല. |
| 11 | അപേക്ഷ അയയ്ക്കേണ്ട വിധം | ഉദ്യോഗാർത്ഥികൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.kdrb.kerala.gov.in വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. വെബ് സൈറ്റിന്റെ ഹോം പേജിലുള്ള "Apply Online" എന്ന ലിങ്കിലൂടെ ഒറ്റത്തവണ രജിസ്ട്രേഷൻ നടത്തിയ ശേഷം ഉദ്യോഗാർത്ഥികൾക്ക് തങ്ങളുടെ യൂസർ ഐഡിയും പാസ്സ് വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപ് ലോഡ് ചെയ്യുന്ന ഫോട്ടോ മൂന്നു മാസത്തിനകം എടുത്തത് ആയിരിക്കണം ഒരിക്കൽ അപ് ലോഡ് ചെയ്ത ഫോട്ടോ തുടർന്നുള്ള അപേക്ഷ സമർപ്പിക്കുന്നതിനും ഉപയോഗിക്കാവുന്നതാണ്. പ്രൊഫൈലിലെ പ്രിന്റ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ ഉദ്യോഗാർത്ഥിയ്ക്ക് താൻ സമർപ്പിച്ച അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കാവുന്നതാണ്. പാസ്സ് വേർഡ് രഹസ്യമായി സൂക്ഷിക്കേണ്ടതും പ്രൊഫൈലിൽ നൽകിയിരിക്കുന്ന വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പു വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്.<br><br>അപേക്ഷിക്കുന്നതിനു മുമ്പ് തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പു വരുത്തേണ്ടതാണ്. റിക്രൂട്ട്മെന്റ് ബോർഡുമായുള്ള കത്തിടപാടുകളിലും യൂസർ ഐഡി പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഈ തസ്തികയിലേയ്ക്ക് റിക്രൂട്ട്മെന്റ് ബോർഡിന് മുമ്പാകെ വിജയകരമായി സമർപ്പിക്കുന്ന അപേക്ഷകൾ താല്ക്കാലികമായി സ്വീകരിക്കപ്പെടുന്നതാണ്. ആയതിനു ശേഷം അപേക്ഷയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം വരുത്തുന്നതിനോ, അപേക്ഷ പിൻവലിക്കുന്നതിനോ കഴിയുകയില്ല. തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏത് ഘട്ടത്തിലായാലും,സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനത്തിലെ വ്യവസ്ഥകൾക്ക് വിപരീതമായി കാണുന്ന പക്ഷം നിരുപാധികം നിരസിക്കപ്പെടുന്നതാണ്.<br><br>വിദ്യാഭ്യാസ യോഗ്യത, ജാതി, പരിചയം, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങളുടെ പകർപ്പുകൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. പരീക്ഷാഫീസ് തുക കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ അപേക്ഷ സമർപ്പിക്കുന്നതിനുള്ള വെബ്പോർട്ടലിലൂടെ ഓൺലൈനായി അടയ്ക്കേണ്ടതാണ്. ഡി.ഡി. ആയോ മണിഓർഡറായോ ചെല്ലാൻ മുഖാന്തിരമോ മറ്റേതെങ്കിലും രീതിയിലോ ഫീസ് അടയ്ക്കുവാൻ പാടില്ല.<br><br>ഒരിക്കൽ അടച്ച ഫീസ് ഒരു കാരണവശാലും മടക്കി നൽകുന്നതല്ല. |
| 12 | അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി | 29.01.2026 അർദ്ധരാത്രി 12 മണി വരെ |

| | | |
|---|---|---|
| 13 | അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം | www.kdrb.kerala.gov.in |

**ഈ വിജ്ഞാപനത്തിന്റെ പാർട്ട് – 2 (പൊതുവ്യവസ്ഥകൾ) കേരള ദേവസ്വം റിക്രൂട്ടമെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ(www.kdrb.kerala.gov.in) ലഭ്യമാണ്.ഓണ്‍ലൈന്‍ അപേക്ഷകൾ സമർപ്പിക്കുന്നതിന് മുമ്പ് ഉദ്യോഗാർത്ഥികൾ പാർട്ട് – 2 വിലെ വ്യവസ്ഥകൾ/നിബന്ധനകൾ വായിച്ച് മനസ്സിലാക്കേണ്ടതാണ്.**

സെക്രട്ടറി

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്